**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 100** **27-01-2026 - ൽ മറുപടിയ്ക്ക്**

**പ്രവാസി നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ പത്തു വർഷത്തിനിടെ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രവാസി നിക്ഷേപം നേരിട്ട് സ്വീകരിച്ചുകൊണ്ടുള്ള പദ്ധതികൾ കേരളീയ പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കുന്നില്ല. വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ NORKA Roots മുഖാന്തിരം പ്രവാസികൾ സ്വന്തം നിക്ഷേപത്തിലോ ബാങ്ക് വായ്പ മുഖേനയോ ആരംഭിക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകിവരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നു:<br><br>• സംരംഭകന്റെ നിക്ഷേപശേഷിയും നാട്ടിലെ സാധ്യതകളും വിലയിരുത്തി അനുയോജ്യമായ ബിസിനസ്സ് ആശയങ്ങൾ നിർദ്ദേശിക്കുന്നു.<br>• ഭക്ഷ്യസംസ്കരണം, സേവന മേഖല, ചെറുകിട നിർമ്മാണം തുടങ്ങിയ വിവിധ മേഖലകളിൽ സാധ്യതകൾ കണ്ടെത്തി സംരംഭകരെ സഹായിക്കുന്നു.<br>• ബാങ്കുകളിൽ സമർപ്പിക്കുന്നതിനായി കൃത്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നു.<br>• K-SWIFT, Udyam Registration തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ലൈസൻസുകളും രജിസ്ട്രേഷൻ നടപടികളും വേഗത്തിലാക്കാൻ ഏകജാലക സംവിധാനം സ്വീകരിക്കുന്നു. |
| (ബി) | എങ്കിൽ ഇതുമായി സഹകരിച്ച പ്രവാസികൾ ആരെല്ലാം എന്ന് വ്യക്തമാക്കാമോ; | (ബി) | നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിൽ (NBFC) നിന്ന് മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും സ്വീകരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവാസികളും മടങ്ങിയെത്തിയ പ്രവാസികളും ചേർന്ന് നിരവധി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 2021 മുതൽ 2025 ഡിസംബർ |

| | | | |
|---|---|---|---|
| | | | വരെയുള്ള കാലയളവിൽ 735 സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയോ നിലവിലുള്ളവ വിപുലീകരിക്കുകയോ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നിക്ഷേപ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി തൊഴിലില്ലായ്മ പരിഹരിക്കുവാനും നിക്ഷേപകരെ സഹായിക്കുവാനും ഒപ്പം സംസ്ഥാന പുരോഗതിക്കുമായി എന്തെല്ലാം പുതിയ പദ്ധതികൾക്ക് സർക്കാർ ലക്ഷ്യമിടുന്നുണ്ട് എന്നും വ്യക്തമാക്കാമോ? | (സി) | പ്രവാസികളുടെ അനുഭവസമ്പത്തും നിക്ഷേപവും കേരളത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ വിപുലമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.<br><br>● ബിസിനസ്സ് ക്ലിനിക്കുകൾ: സംരംഭം ആരംഭിച്ച ശേഷവും പ്രവാസികൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ ബിസിനസ്സ് ക്ലിനിക്കുകൾ [online/offline]<br><br>● പരിശീലന പരിപാടികൾ: കൂടുതൽ പ്രവാസികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ (Entrepreneurship Training Programs) വിപുലമായി എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു.<br>വികസന ദൗത്യം: പ്രവാസി നിക്ഷേപം വഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കാനും NBFC ഒരു വഴികാട്ടിയായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ